2008, ഖുത്വ്ബ നമ്പര്‍- 5

1.2.2008
ബയ്ത്തുല്‍ ഫുത്വൂഹ്, ലണ്ടന്‍

# ഇസ്‌ലാമിന്റെ സംരക്ഷണച്ചുമതല അഹ്മദികള്‍ക്ക്

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنْتَ الْعَزِيزُ الْحَكِيمُ ﴿١٣٠﴾

كَمَا أَرْسَلْنَا فِيكُمْ رَسُولًا مِّنْكُمْ يَتْلُوا عَلَيْكُمْ آيَاتِنَا وَيُزَكِّيكُمْ وَيُعَلِّمُكُمُ الْكِتَابَ وَالْحِكْمَةَ وَيُعَلِّمُكُمْ مَا لَمْ تَكُونُوا تَعْلَمُونَ ﴿١٥٢﴾

**ഞാ**നോതിയ ഈ വചനങ്ങളില്‍, ആദ്യത്തേത് ഹദ്റത്ത് ഇബ്റാഹീം(അ) ചെയ്ത പ്രാര്‍ത്ഥനയാണ്. ഇതിലെ വിഷയം കഴിഞ്ഞ ചില ഖുത്ബകളില്‍ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. രണ്ടാമത്തെ വചനത്തില്‍, ഈ പ്രാര്‍ത്ഥനയുടെ സ്വീകാര്യതയുടെ അടയാളമായി താന്‍ ആ ദൈവദൂതനെ അയച്ചിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ആ ദൈവദൂതന്‍ ഹദ്റത്ത് ഇസ്മായീല്‍(അ) ന്റെ വംശപരമ്പരയില്‍ എഴുന്നേല്‍പിക്കപ്പെട്ടു. ആ ദൈവദൂതന്‍ ലോകത്ത് ഒരു മഹത്തായ വിപ്ലവം ഉണ്ടാക്കണമായിരുന്നു. ആ വിപ്ലവം ഉണ്ടാക്കുകയും ചെയ്തു. ഈ പ്രാര്‍ത്ഥനയില്‍ ചോദിക്കപ്പെട്ട നാലുകാര്യങ്ങളെ സംബന്ധിച്ചും കഴിഞ്ഞ ഖുത്ബകളില്‍ ഒരു പരിധിവരെ വിവരിച്ചുകഴിഞ്ഞതാണ്. ഈ വിഷയം ആരംഭിച്ച ഘട്ടത്തില്‍, കുറച്ചു ജുമുഅകള്‍ക്കു മുമ്പേ ഞാന്‍ ഈ വചനങ്ങള്‍ ഓതിയിരുന്നു. ഈ പ്രാര്‍ത്ഥനയിലെ വാക്കുകളും അല്ലാഹു ആ പ്രാര്‍ത്ഥന സ്വീകരിച്ചുവെന്ന് പറഞ്ഞുകൊണ്ട് വിളംബരം ചെയ്ത വാക്കുകളും തമ്മില്‍ കുറച്ച് വ്യത്യാസമുണ്ടെന്ന് ഞാന്‍ പറഞ്ഞിരുന്നതാണ്. പക്ഷേ, ഇതില്‍ യുക്തിയുണ്ട്. യുക്തിജ്ഞനായ അല്ലാഹുവിന്റെ ഒരു പ്രവൃത്തിയും യുക്തിരഹിതമായിട്ടുണ്ടാകുകയില്ല. വാക്കുകള്‍ മുമ്പേയും പിമ്പേയും ആയിപ്പോയതോ അനാവശ്യമായിപ്പറഞ്ഞുപോയതോ അല്ല. ആ മഹാനായ ദൈവദൂതന്റെ ഈ നാല് പ്രത്യേകതകളും ആ മഹാത്മാവിനു വേണ്ടി മാത്രമുള്ളതാണ്. ഇതിനോട് കിടപിടിക്കാന്‍ ആരും തന്നെയില്ല.

ഞാന്‍ ഈ വിഷയത്തിന്റെ പ്രാരംഭത്തില്‍ പറഞ്ഞതുപോലെ, ഈ വ്യത്യാസത്തെക്കുറിച്ച് ഇനി പറയാനാഗ്രഹിക്കുകയാണ്. അതായത് എന്തുകൊണ്ടാണ് ഈ വ്യത്യാസമുണ്ടായതെന്ന്.

വിശുദ്ധഖുര്‍ആനില്‍ ഇതുകൂടാതെ രണ്ടു സ്ഥലത്തും ഇക്കാര്യം വിവരിച്ചിട്ടുണ്ട്. ഒന്നാമതായി ആലുഇംറാന്‍ എന്ന അധ്യായത്തില്‍ അല്ലാഹു പറയുന്നു:

لَقَدْ مَنَّ اللَّهُ عَلَى الْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولًا مِّنْ أَنْفُسِهِمْ يَتْلُوا عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُّبِينٍ ﴿١٦٥﴾

അല്ലാഹു സത്യവിശ്വാസികളില്‍ അവരില്‍നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുകവഴി തീര്‍ച്ചയായും അവര്‍ക്ക് ഔദാര്യം ചെയ്തിരിക്കുന്നു; അദ്ദേഹം അവര്‍ക്ക് അവന്റെ ദൃഷ്ടാന്തങ്ങള്‍ വിവരിച്ചുകൊടുക്കുകയും അവരെ സംസ്കരിക്കുകയും അവര്‍ക്ക് ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിക്കുകയും ചെയ്യുന്നു. ഇതിനു മുമ്പേ, അവര്‍ വ്യക്തമായ ദുര്‍മാര്‍ഗ്ഗത്തിലായിരുന്നു (3:165).

രണ്ടാമതായി ജുമുഅ അധ്യായത്തില്‍ അല്ലാഹു പറയുന്നു:

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِّنْهُمْ يَتْلُوا عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُّبِينٍ ﴿٣﴾

അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും (62:3).

ഈ രണ്ട് സ്ഥലങ്ങളിലും എന്നല്ല മൂന്നു സ്ഥലങ്ങളിലും ഞാൻ പറഞ്ഞതുപോലെ, പദങ്ങളുടെ ക്രമീകരണം ഒരുപോലെയാണ്. ഇവിടെ ദുആ സ്വീകരിച്ചിരിക്കുന്നു എന്ന വിളംബരമാണുള്ളത്. എന്നാൽ, ഇതും ആ പ്രാർത്ഥനയിൽ പറഞ്ഞിരിക്കുന്ന പദങ്ങളുടെ ക്രമീകരണവും രൂപീകരണവും തമ്മിൽ വ്യത്യാസമുണ്ട്. ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ പ്രാർത്ഥനയിൽ ശുദ്ധീകരണം അവസാനമാണ് പറയുന്നത്. അല്ലാഹു ആ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് പറഞ്ഞപ്പോൾ, ശുദ്ധീകരണത്തെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കുന്നു എന്നതിനു ശേഷമാണ് വെച്ചിട്ടുള്ളത്. ഈ വ്യത്യാസത്തെക്കുറിച്ച് ചില വ്യാഖ്യാതാക്കൾ അല്പം ചില വിശദീകരണം നല്കിയിട്ടുണ്ട്. പക്ഷേ, അതിനേക്കാളെല്ലാം വിശദമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇക്കാര്യം പറഞ്ഞിരിക്കുന്നു. മുമ്പേ കഴിഞ്ഞുകടന്ന ഖുർആൻ വ്യാഖ്യാതാക്കൾ കൂടുതൽ വിശദീകരണം ഇതിന് നല്കിയിട്ടില്ല.

ഉദാഹരണത്തിന് അല്ലാമ ആലൂസി എഴുതിയിരിക്കുന്നു: വചനങ്ങൾ പാരായണം ചെയ്യുന്നതിനും ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിക്കുന്നതിനുമിടയ്ക്ക് തസ്ക്കിയ (ശുദ്ധീകരണം)യെ വെച്ചിട്ടുള്ളത്, ഈ നാലുകാര്യങ്ങളും ഒന്നായി മനസ്സിലാക്കാതിരിക്കാനും, നാലും വ്യത്യസ്തമായ കാര്യങ്ങളാണെന്ന് പറയാനുമാണ്. അവയിൽ ഓരോന്നും അതാതിന്റെ സ്ഥാനത്ത് വലിയ അനുഗ്രഹമാണ്. രണ്ടാമത്തെ കാര്യം പറയുന്നത്, വചനങ്ങൾ ഓതിക്കേൾപ്പിക്കും എന്നതിനെ ആദ്യം വെച്ചിട്ടുള്ളത്, ശുദ്ധീകരണത്തിനായി ആദ്യം സംബോധിതരെ തയ്യാറാക്കണമായിരുന്നു. അതുകൊണ്ട് അതിനുശേഷം തസ്ക്കിയ (ശുദ്ധീകരണം) വെച്ചു. കാരണം ഇത് സത്യവിശ്വാസികൾ ഏറ്റവുമാദ്യം സ്വായത്തമാക്കേണ്ട വിശേഷഗുണമാണ്. എന്തുകൊണ്ടെന്നാൽ, നല്ല വിശേഷഗുണം സ്വായത്തമാക്കുന്നതിനുമുമ്പേ, ചീത്തശീലങ്ങൾ ഉപേക്ഷിക്കേണ്ടത് അനിവാര്യമാകുന്നു. ഇതിനുശേഷം തഅ്‌ലീം (പഠനം) വെച്ചിരിക്കുന്നു. കാരണം ഈമാനുശേഷമാണ് അറിവുകൾ കരസ്ഥമാക്കാറുള്ളത്. എങ്കിലും ബഖറ അധ്യായത്തിൽ തഅ്‌ലീംനെ തസ്ക്കിയയേക്കാൾ മുമ്പേ വെച്ചിട്ടുള്ളത് ആ വിശേഷഗുണങ്ങൾ സ്വായത്തമാക്കേണ്ടത് പ്രധാനപ്പെട്ട സംഗതിയാണെന്ന് പറയാനായിരിക്കണം."

ഇപ്രകാരം ഒന്നുരണ്ട് മറ്റ് ഖുർആൻ വ്യാഖ്യാതാക്കളും സംക്ഷിപ്തമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഈ വ്യത്യാസം വ്യക്തമാക്കുന്നതിനായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കൂടുതൽ വിശദീകരണം നല്കിയിരിക്കുന്നു. അതിനെ ഞാൻ പ്രയോജനപ്പെടുത്തിയിരിക്കുകയാണ്. അത് ഞാൻ വിവരിക്കുന്നതാണ്. ഇബ്റാഹീമി പ്രാർത്ഥനയുടെ അടിത്തറ, നബി നിയോഗിതനായതിനുശേഷം തന്നിൽ ഇറങ്ങുന്ന വെളിപാട് സമർപ്പിക്കുന്നു എന്നതിലാണ്. പിന്നീട് തനിക്കുവേണ്ടി ഉണ്ടാകുന്ന ദൃഷ്ടാന്തങ്ങളും ദിവ്യാത്ഭുതങ്ങളും സമർപ്പിക്കുന്നു. അത് കഴിഞ്ഞ് കല്പനകൾ ഇറങ്ങുന്നതിനനുസരിച്ച്, ആ കല്പനകളുടെ തത്ത്വശാസ്ത്രവും വിവരിക്കുന്നു. അവസാനം നബി മുഖേന ആ വഹ്‌യ് കേട്ടതിനും ആ ദിവ്യാത്ഭുതങ്ങൾ കണ്ടതിനും, ആ കല്പനകൾ മനസ്സിലാക്കിയതിനുംശേഷം തയ്യാറാകുന്ന ജമാഅത്തിന് അല്ലാഹു പരിശുദ്ധി നല്കുന്നു. അത് പരിശുദ്ധന്മാരുടെ ജമാഅത്തായതിനാൽ ആ സന്ദേശത്തെ അവർ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. ഇക്കാരണം കൊണ്ടാണ്, ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ പ്രാർത്ഥനയുടെ അവസാനം തസ്ക്കിയാ(ശുദ്ധീകരണം)യെ വെച്ചിട്ടുള്ളത്. ഇതൊരു ബാഹ്യമായ വിഭജനമാണ്. ഇതിൽ ദുർബലരായ വിശ്വാസികളേയും ഗൗനിച്ചിരിക്കുന്നു. പക്ഷേ, അല്ലാഹു വിവരിച്ച ക്രമീകരണത്തിൽ ഈമാനിലുള്ള അഭിവൃദ്ധിയേയും ആത്മീയതയേയുമാണ് ആദ്യം പറഞ്ഞിരിക്കുന്നത്. ബാഹ്യമായിട്ടുള്ള അറിവുപരമായ കാര്യങ്ങൾ പിന്നീടാണ് വെച്ചിട്ടുള്ളത്. ഈമാനിൽ അഭിവൃദ്ധിയും ആത്മീയതയിൽ അഭിവൃദ്ധിയും, ദൈവജ്ഞാനം ഉണ്ടാകുകയും ചെയ്യുന്നതിന്, വെളിപാടിൽ വിശ്വാസം ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. അദൃശ്യത്തിലുള്ള വിശ്വാസമുണ്ടാകുമ്പോൾ, ആ അടയാളങ്ങളേയും ദൃഷ്ടാന്തങ്ങളേയും കാണുന്ന കണ്ണുകളും ലഭ്യമാകും. ആ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കാണാൻ കഴിയുമ്പോൾ, ആത്മാവിന്റെ ശുദ്ധീകരണത്തിൽ അഭിവൃദ്ധിയുണ്ടാകും. ആ അഭിവൃദ്ധിയോടൊപ്പം അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കാനും ശ്രമം നടക്കും. അല്ലാഹുവിന്റെ ഈ സിഫത്തുകൾ സ്വായത്തമാക്കുന്നതുകൊണ്ട്, ഈമാനിൽ കൂടുതൽ പുരോഗതിയുണ്ടാകും. എല്ലാ ശാരീരികമായ അഴുക്കുകളും വൃത്തിയാക്കപ്പെടും. വൃത്തികേടുകളിൽ നിന്നെല്ലാം മനസ്സ് ശുദ്ധമാകും. ഇക്കാരണം കൊണ്ടാണ് കിതാബിനെയും ഹിക്മത്തിനേയുംകാൾ തസ്ക്കീയായെ മുന്തിച്ചത്. കാരണം ഗ്രന്ഥം വായിക്കുക, അത് മനസ്സിലാക്കാൻ പരിശ്രമിക്കുക, അതിൽനിന്ന് ഹിക്മത്തുകൾ അന്വേഷിക്കുക, തുടങ്ങിയവയെല്ലാം ഭൗതികമായ അറിവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കിതാബിനെയും ഹിക്മത്തിനെയും അവസാനം വെച്ചുകൊ

ണ്ട്, ഒരു മനുഷ്യന്റെ ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യമായ നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത് തുടങ്ങിയ കല്പനകളുടെ ഹിക്മത്തുകളെല്ലാം സൂചിപ്പിച്ചിരിക്കുന്നു. യഥാർത്ഥമായ ഉദ്ദേശ്യം ആത്മശുദ്ധീകരണമാണ്. അതാണ് വേണ്ടതും. ആരെങ്കിലും ബാഹ്യമായിട്ട് ദീർഘനേരം നമസ്കരിക്കുകയും എന്നാൽ, ആത്മശുദ്ധീകരണം നടക്കാതിരിക്കുകയും അല്ലെങ്കിൽ സക്കാത്ത് കൊടുക്കുകയും എന്നാൽ അനുവദനീയമല്ലാത്ത മാർഗ്ഗത്തിലൂടെ സമ്പാദിക്കുകയും ഹജ്ജ് ചെയ്യുകയും താൻ ഹാജിയാണെന്ന് മറ്റുള്ളവർ മനസ്സിലാക്കണമെന്ന് വിചാരിക്കുകയും അല്ലെങ്കിൽ താൻ ഹാജിയാണെന്ന കാരണത്താൽ കച്ചവടം നന്നാകുമെന്ന് കരുതുകയുമാണെങ്കിൽ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. പല കച്ചവടക്കാരും ഇതിനായിട്ടാണ് ഹജ്ജിനു പോകുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ ഹജ്ജിനുപോയപ്പോൾ ഒരു കുട്ടിയും എന്റെ കൂടെ ഹജ്ജിനുണ്ടായിരുന്നു. അവൻ നമസ്കരിക്കുകയോ ദുആ ചെയ്യുകയോ ചെയ്തിരുന്നില്ല. മൂളിപ്പാട്ടും പാടി നടക്കുകയായിരുന്നു. ഇതിനാണോ ഹജ്ജിനു വന്നതെന്ന് ഞാൻ ചോദിച്ചു. അവൻ പറഞ്ഞു: ''ഞങ്ങൾ കച്ചവടക്കാരാണ്. ഞങ്ങൾക്ക് കടയുണ്ട്. ഞങ്ങൾ ചെയ്യുന്ന കച്ചവടം തന്നെ വേറൊരാളും ഞങ്ങൾക്കെതിരിൽ ചെയ്യുന്നുണ്ട്. അയാൾ ഹജ്ജ് ചെയ്തു വന്നതിനുശേഷം അയാളുടെ കച്ചവടം കൂടുതൽ നന്നായി നടക്കുന്നു. അപ്പോൾ എന്റെ പിതാവ് എന്നോട് നീയും പോയി ഹജ്ജ് ചെയ്തു വരിക എന്ന് പറഞ്ഞയച്ചതാണ്. എനിക്കറിയില്ല ഹജ്ജ് എന്താണെന്ന്. ഒന്നേ അറിയൂ, ഞങ്ങളുടെ കച്ചവടം നന്നാവണം.” ഹാജിമാരുടെ അവസ്ഥ ഇതാണ്.

ഇതാണ് ഹജ്ജെങ്കിൽ, ഈ ഗ്രന്ഥമനുസരിച്ചുള്ള പ്രവർത്തനം നിഷ്ഫലമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഹാജിയുടെ സംഭവകഥ വിവരിച്ചിട്ടുണ്ട്. ഹാജി തന്റെ വീട്ടിലേക്ക് ഒരാളെ ക്ഷണിച്ചു. അയാൾ സമ്പന്നനായിരുന്നു. ഹജ്ജ് ചെയ്തുവന്നതേയുള്ളൂ. ക്ഷണിക്കപ്പെട്ട ആ മഹാത്മാവ് വന്നപ്പോൾ ഹാജി തന്റെ പരിചാരകനോട് 'ഈ സാധനം ഞാൻ ആദ്യത്തെ ഹജ്ജിനു പോയപ്പോൾ കൊണ്ടുവന്ന ഇന്ന പ്ലേറ്റിൽ കൊണ്ടുവരിക. കുറച്ചുകഴിഞ്ഞപ്പോൾ ഇന്ന സാധനം ഞാൻ രണ്ടാമത്തെ ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്ന ഇന്ന പ്ലെയിറ്റിൽ കൊണ്ടുവരിക, കുറച്ചുകഴിഞ്ഞപ്പോൾ ഇന്ന സാധനം ഞാൻ മൂന്നാമത്തെ ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്ന ഇന്ന പ്ലേയ്റ്റിൽ കൊണ്ടുവരിക എന്നു പറഞ്ഞു. അയാളുടെ ഉദ്ദേശ്യം താൻ ഹജ്ജുചെയ്തുവെന്ന് അറിയിക്കലായിരുന്നു. ആ സാത്വികനായ അതിഥി പറഞ്ഞു, നിന്റെ അവസ്ഥ വലിയ സങ്കടകരമാണ്. ഈ വെളിപെടുത്തലിലൂടെ നീ നിന്റെ മൂന്ന് ഹജ്ജും നഷ്ടപ്പെടുത്തിക്കളഞ്ഞു.

അതുകൊണ്ട് ഗ്രന്ഥത്തിന്റെ ഏതു കല്പനയുമനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശ്യം മനഃശുദ്ധീകരണമാണെന്ന കാര്യം ഓർക്കേണ്ടതാണ്. അതിനാൽ തസ്കിയ അഥവാ ശുദ്ധീകരണം മുന്തിച്ചുപറഞ്ഞിരിക്കുന്നു. ഈ മഹാനായ റസൂലിന്റെ സൽസംഗം പ്രാപിച്ചവർ, അധ്യാപനങ്ങൾ ഇറങ്ങുന്നതിനോടൊപ്പം തങ്ങളുടെ മനസ്സുകളേയും ശുദ്ധീകരിച്ചുകൊണ്ടിരുന്നു. തഖ്‌വയുടെ നിലവാരവും മെച്ചപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, മനസ്സുകളുടെ ശുദ്ധീകരണം ആദ്യമേ ഉണ്ടായിക്കഴിഞ്ഞിരുന്നു. അതായത് പതുക്കെപ്പതുക്കെ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ, മനസ്സ് ശുദ്ധമായിക്കഴിഞ്ഞിരുന്നു. ആദ്യദിനം മുതൽതന്നെ സ്വഹാബാക്കളുടെ ശുദ്ധീകരണം നടന്നിരുന്നു. അതുകൊണ്ടാണല്ലോ, കല്പന വന്നുടനെ മദ്യഭരണികൾ അടിച്ചുടച്ചത്. ആരും തെളിവ് ചോദിക്കാൻ നിന്നില്ല. കല്പന വന്നു, ഉടനെ പ്രവർത്തിച്ചു. അതുകൊണ്ട് യഥാർത്ഥ കാര്യം മനസ്സുകളുടെ ശുദ്ധീകരണമാണ്. അതാണ് ഈ മഹാനായ റസൂൽ ചെയ്തത്.

നബി(സ)ന്റെ വ്യക്തിത്വം, ആ മഹാത്മാവിന്റെ പ്രവൃത്തി, അദ്ദേഹത്തിന്റെ ഇരിപ്പും നടപ്പുമെല്ലാം ഉൾക്കാഴ്ചയുള്ളവർക്ക് ഒരടയാളമായിരുന്നു. ആ മഹാത്മാവിന്റെ അടുത്തബന്ധുക്കളായ ഹദ്റത്ത് ഖദീജ, ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് അലി(റ) തുടങ്ങിയവരെല്ലാം വഹ്‌യ് ഇറങ്ങിയതിനോടൊപ്പം തന്നെ സ്വീകരിച്ചിരുന്നു. പിന്നീട് അറിവിലും ദൈവജ്ഞാനത്തിലും അവർ പുരോഗതി കൈവരിച്ചുകൊണ്ടേപോയി. അവർ വിശദമായ പഠനമോ തത്ത്വശാസ്ത്രങ്ങളോ ഒന്നും പിന്നീട് തിരഞ്ഞുനടന്നില്ല. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) വെളിയിൽ എവിടെയോ പോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോൾ ആരോ പറഞ്ഞു, നിന്റെ സുഹൃത്ത് ഇങ്ങനെ വാദിച്ചിരിക്കുന്നുവെന്ന്. അദ്ദേഹം നേരെ നബി(സ)യുടെ അടുക്കൽച്ചെന്നു. അങ്ങ് ഇങ്ങനെ വാദിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. നബി(സ) അതിന്റെ വിശദീകരണം നല്കാൻ തുടങ്ങിയപ്പോൾ, അബൂബക്കർ പറഞ്ഞു, എനിക്ക് എന്തെങ്കിലും പാഠങ്ങളോ തത്ത്വശാസ്ത്രങ്ങളോ തെളിവുകളോ ഒന്നും വേണ്ട. ഞാൻ ചെറുപ്പം മുതൽ അങ്ങയെ അറിയുന്നവനാണ്. ഇത്രമാത്രം പരിശുദ്ധനായ വ്യക്തിക്ക് തെറ്റായ കാര്യങ്ങൾ പറയാൻ സാധ്യമല്ല.

ഈ വചനത്തിൽപ്പറഞ്ഞ നാലുകാര്യങ്ങളും ആ ശുദ്ധീകരണകർത്താവിന്റെ ജീവിതത്തിൽ വിശ്വാസികൾക്ക് കാണാൻ കഴിഞ്ഞു. പക്ഷേ, മന്ദബുദ്ധിയായവർ, ആ വ്യക്തമായ ദൃഷ്ടാന്തങ്ങളും ഗ്രന്ഥത്തിലെ പരിശുദ്ധമാക്കുന്ന അധ്യാപനങ്ങളും കണ്ടിട്ടും ഈ അനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടു. ശുദ്ധീകരണത്തിനുശേഷം, ഗ്രന്ഥം പഠിപ്പിക്കലിന് ഹിക്മത്തിനുമേൽ

മുൻതൂക്കം കൊടുത്തിരിക്കുന്നു. അതായത്, ഹിക്മത്തിനേക്കാൾ മുമ്പേ ഗ്രന്ഥം പഠിപ്പിക്കലാണ് പറയപ്പെട്ടിരിക്കുന്നത്. കാരണം ഉയർന്ന വിശ്വാസി, ചെവിയോർത്തുകൊണ്ടിരിക്കുന്നത് തന്റെ പ്രേമഭാജനത്തിന്റെ കല്പനയെന്താണെന്നാണ്. അവൻ തെളിവുകൾ അന്വേഷിച്ചു നടക്കുകയില്ല. മറിച്ച്, ***സമിഅ്നാ വ അത്വഅ്നാ*** എന്നു പറയുന്നു. അതായത്, ഞങ്ങൾ കല്പന കേട്ടു. ഞങ്ങൾ ഹൃദയംകൊണ്ട് അതിനെ അനുസരിക്കുന്നവരായിത്തീരുകയും ചെയ്തു. ഓരോ കല്പനകളും അനുസരിച്ച് പ്രവർത്തിച്ചതുകൊണ്ട് ഞങ്ങൾക്ക് മനഃപരിശുദ്ധി ഉണ്ടായെന്ന് ഞങ്ങളുടെ മുൻകാല അനുഭവങ്ങളും വിളിച്ചോതുന്നു. അതുകൊണ്ട് തീർച്ചയായും, ഏ! നബി(സ) അങ്ങയിൽ അല്ലാഹുവിൽനിന്നിറങ്ങിയിട്ടുള്ള ഈ കല്പനയിലും എന്തെങ്കിലും യുക്തിയുണ്ടാകും; അത് ഞങ്ങൾക്ക് മനസ്സിലാകട്ടെ, മനസ്സിലാകാതിരിക്കട്ടെ. ഞങ്ങളുടെ യഥാർത്ഥ ലക്ഷ്യം യഥാർത്ഥ പ്രേമഭാജനത്തിന്റെ പ്രീതി കരസ്ഥമാക്കലാണ്. ഈ പ്രിയപ്പെട്ട നബിയുമായി ചേർന്നുകൊണ്ട്, അദ്ദേഹം പറഞ്ഞ ഓരോ വാക്കുമനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ് അത് ലഭിക്കുന്നത്. കല്പനകളുടെ യുക്തികൾ പിറകെ മനസ്സിലായിക്കൊള്ളും. പക്ഷേ, പ്രേമഭാജനത്തെ അനുസരിക്കുക എന്ന കൃത്യം ഞങ്ങൾ പെട്ടെന്ന് നടപ്പിലാക്കുകയാണ്. തത്ത്വശാസ്ത്രജ്ഞന്മാരുടെയും ദുർബലവിശ്വാസികളുടെയും ജോലിയാണ് യുക്തികൾക്ക് സുഷിരമുണ്ടാക്കിക്കൊണ്ടിരിക്കുകയെന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ***ഈമാനുൽ അജായിസ്***-കിഴവികളുടെ ഈമാൻ സ്വീകരിക്കാൻ ഉപദേശിച്ചത് അതുകൊണ്ടാണ്. അഹങ്കാരത്തിലും ഭൗതിക തത്ത്വശാസ്ത്രത്തിലും മനുഷ്യൻ വീണാൽ, ശുദ്ധീകരണം നടക്കുകയില്ല. പിന്നെ ഈമാനിലുള്ള അഭിവൃദ്ധിയെന്നല്ല, അഹങ്കാരം കാരണത്താൽ വിശ്വസിക്കാൻ തന്നെ ഭാഗ്യം കിട്ടുകയില്ല. അതിനാൽ ഹിക്മത്ത് അഥവാ തത്ത്വശാസ്ത്രത്തെക്കുറിച്ച് അറിവുണ്ടാകുക എന്നത് ഒരു പരിപൂർണ്ണനായ സത്യവിശ്വാസിക്ക് നിർബന്ധമുള്ള കാര്യമല്ല. തെളിവുകളിൽ മാത്രമാണ് ഒരാളുടെ വിശ്വാസമെങ്കിൽ, അയാൾക്ക് ഹിക്മത്തും വേണം. ഇത് ദുർബലവിശ്വാസത്തിനുള്ള അടയാളമാണ്. നബിയുടെ ശുദ്ധീകരണപ്രവർത്തനവും അതിനുള്ള കല്പന നല്കലും ആ കല്പനയെ അംഗീകരിക്കലും നബിയുടെ കാര്യങ്ങൾ കേട്ടുകൊണ്ട് സ്വന്തം മനസ്സിനെ പരിശുദ്ധമാക്കാനുള്ള ശ്രമവുമെല്ലാം വിശ്വാസത്തിൽ പൂർണ്ണത കൈവരിച്ചിട്ടുള്ളവരുടെ രീതിയാണ്. ദുർബലവിശ്വാസം ഹിക്മത്ത് തേടുന്നു. അതുകൊണ്ട് എല്ലാ പ്രകൃതക്കാർക്കുമായി അല്ലാഹുതആല ഈ മഹാനായ റസൂലിന് എല്ലാ കല്പനകളുടെയും യുക്തികൾ വിവരിച്ചിട്ടുള്ള അധ്യാപനവും നല്കിയിരിക്കുന്നു. ഈ പ്രത്യേകതയാണ് നബി(സ) കൊണ്ടുവന്നിട്ടുള്ള അധ്യാപനത്തിന്റേത്. അത് എല്ലാതരം പ്രകൃതക്കാർക്കുമുള്ള സമ്പൂർണ്ണ അധ്യാപനമാണ്. ഒളിച്ചോടാൻ ആർക്കും ഒരു പഴുതുമില്ല. ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ്(അ) '**ദീനുൽ അജായിസി**നെ' സമ്പൂർണ്ണവിശ്വാസികളുടെ പ്രത്യേകതയായി പറഞ്ഞിരിക്കുന്നു. ഹിക്മത്തിനുപകരം ആദ്യം വിശ്വാസം ഉറപ്പുള്ളതാക്കാൻ നാം ശ്രമിക്കേണ്ടതാണ്. പിന്നീട് ഹിക്മത്തുകൾ മനസ്സിലാക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നിങ്ങൾ വിശ്വസിക്കുക. എന്നാൽ, മോക്ഷം പ്രാപിക്കും എന്നാണ് അല്ലാഹുവിന്റെ ഗ്രന്ഥം നമുക്ക് പഠിപ്പിച്ചുതരുന്നത്. നബി(അ) സമർപ്പിച്ച മതവിശ്വാസങ്ങളെക്കുറിച്ച് തത്ത്വജ്ഞാനപരമായ തെളിവുകളും ദൃഢവിശ്വാസപരമായ പ്രമാണങ്ങളും ആവശ്യപ്പെടണമെന്ന് അത് നമ്മോടു നിർദ്ദേശിക്കുന്നില്ല. ഒന്നും രണ്ടും പോലെ ആ സത്യങ്ങൾ വ്യക്തമാകാതിരിക്കുന്നതുവരെ അവയെ വിശ്വസിക്കാതിരിക്കരുതെന്നു നിർദ്ദേശിക്കുന്നില്ല. നബിയുടെ കാര്യങ്ങളെ ദൃഢതരമായ അറിവുകൊണ്ട് തൂക്കിയെ വിശ്വസിക്കുകയുള്ളൂവെന്നാണെങ്കിൽ, അത് നബിയെ അനുസരിക്കലല്ല. എന്നല്ല, ഓരോ സത്യവും പൂർണ്ണമായ നിലയിൽ തുറന്ന് രംഗത്തുവന്നാൽ, അത് സ്വയം അംഗീകരിക്കപ്പെടുന്നതാണ്. അത് നബി വിവരിച്ചതാണെങ്കിലും വേണ്ടില്ല, നബിയല്ലാത്തയാൾ പറഞ്ഞതാണെങ്കിലും വേണ്ടില്ല. അതായത് ബാഹ്യമായ നിലയിൽ കണ്ടിട്ടു പോയി എടുക്കണമെന്നാണെങ്കിൽ, ആരു പറഞ്ഞാലും ജനങ്ങൾ അത് സ്വീകരിച്ചുകൊള്ളും. അത് അദ്ദേഹത്തിലുള്ള വിശ്വാസമാകുകയില്ല. നബിയല്ലാത്തയാൾ അത് പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കും. പറയുന്നു, ഒരു ആജ്ഞാലംഘകൻ അത് വിവരിച്ചാലും അത് വിശ്വസിക്കേണ്ടതായിവരും.

നബിയെ വിശ്വസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സത്യസന്ധതയെ മുൻനിറുത്തി നാം അദ്ദേഹം പറയുന്ന കാര്യങ്ങൾ വിശ്വസിക്കുമ്പോൾ, ബുദ്ധിയുടെ പക്കൽ അത് വളരെയധികം സത്യം വഹിക്കുന്നതായിരിക്കണം. എന്നാൽ, അജ്ഞരായവരുടെ ബുദ്ധി കളവിലേക്കും ഒരു പരിധിവരെ പോകാനിടയുണ്ട്. അതായത് ബുദ്ധിപരമായി നോക്കിയാൽ സത്യത അതിൽ കാണാൻ കഴിയും. എന്നാൽ, അതിൽ അധികം ചിന്തിക്കാത്തവരുടെ ശ്രദ്ധ കളവിലേക്ക് പോകാനും ഇടയുണ്ട്. അതായത് പൂർണ്ണമായും വ്യക്തമാകാത്ത കാര്യങ്ങളുടെ അവസ്ഥ ഇങ്ങനെയാണ്. പറഞ്ഞു: "എങ്കിലും സത്യത്തിന്റെ ഒരു പൊട്ട് സ്വീകരിച്ചുകൊണ്ടും നബിയെ സത്യവാനായി നിശ്ചയിച്ചുകൊണ്ടും തങ്ങളുടെ സദുദ്ദേശ്യത്തിന്റെയും അതിസൂക്ഷ്മമായ ബുദ്ധിയുടെയും മര്യാദയുടെയും വിശ്വാസത്തിന്റെയും പ്രതിഫലം പറ്റുന്നതാണ്. വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ സത്ത ഇതുതന്നെയാണ്. നാം അത് വിവരിച്ചുതന്നിരിക്കുന്നു. പക്ഷേ, ഭൗതികജ്ഞാ

നികളും ഭൗതികതത്ത്വശാസ്ത്രജ്ഞരും ഈ വശത്തൂടെ പോയിട്ടേയില്ല. അവർ എപ്പോഴും സത്യവിശ്വാസത്തെ അവഗണിച്ചുകൊണ്ടിരുന്നു. എത്രയും വേഗം ഖണ്ഡിതവും ദൃഢവിശ്വാസം ഉണ്ടാകുംവിധമുള്ളതുമായ അറിവുകൾ അവർ അന്വേഷിച്ചുകൊണ്ടിരുന്നു. എന്നാൽ, ഓർക്കുക. അല്ലാഹു അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്നു കല്പിച്ചുകൊണ്ട്, സത്യവിശ്വാസികളെ ദൃഢതരമായ ഈശ്വരീയജ്ഞാനത്തിൽനിന്ന് മാറ്റിനിറുത്താൻ ആഗ്രഹിച്ചില്ല. മറിച്ച്, ദൃഢതരമായ ഈശ്വരീയജ്ഞാനം കരസ്ഥമാക്കാൻ, ഈമാൻ ഒരു ഏണിയാണ്. ഈ ഏണിയിൽ കയറാതെ ദൈവജ്ഞാനത്തെ അന്വേഷിക്കുക എന്നത്, കഠിനമായ അബദ്ധമാണ്. എന്നാൽ, ഈ ഏണിയിൽ കയറുന്നവർ, നിർമ്മലമായ ദൈവജ്ഞാനത്തിന്റേയും ദൈവദർശനത്തിന്റേയും വദനം തീർച്ചയായും കാണുന്നു. (ആ ഏണിയിൽ കയറാൻ ആഗ്രഹിക്കുന്നവർ വ്യക്തമായ ദൈവജ്ഞാനം പ്രാപിക്കുന്നു. സമാധാനം നല്കുന്ന ദൃശ്യങ്ങളും അവർ കാണുന്നു.) ഒരു വിശ്വസ്തൻ- സത്യസന്ധനായ ഒരു മുഅ്മിൻ എന്ന നിലയിൽ കല്പനകളേയും, ദിവ്യവാർത്തകളേയും സത്യസന്ധനായ ഒരു രഹസ്യദൂതൻ മുഖേന അല്ലാഹു അവന് നല്കിയതാണെന്ന് കരുതി സ്വകരിക്കുമ്പോൾ, ദൈവജ്ഞാനത്തിന്റെ സമ്മാനം ലഭിക്കാൻ അർഹനായിത്തീരുന്നു. (സത്യവിശ്വാസിയോട് അല്ലാഹുതആല കല്പിക്കുമ്പോൾ, അല്ലെങ്കിൽ നബി മുഖേന അദ്ദേഹത്തിനായി കല്പനകളിറങ്ങുമ്പോൾ, അല്ലെങ്കിൽ അല്ലാഹു അദൃശ്യകാര്യങ്ങൾ അദ്ദേഹത്തിന് അറിയിച്ചുകൊടുക്കുമ്പോൾ, അദ്ദേഹമത് സ്വീകരിക്കുന്നത്, അല്ലാഹുവിൽനിന്ന് അറിവ് നേടിക്കൊണ്ട്, തന്നെ അറിയിച്ചത് സത്യമായ വാർത്ത നല്കുന്നയാളാണെന്ന വിശ്വാസത്താൽ മാത്രമായിരിക്കും. അപ്പോൾ അയാൾക്ക് അതിന്റെ അറിവും കിട്ടുന്നു) അതുകൊണ്ടാണ് അല്ലാഹു തന്റെ ദാസർക്കായി, അവർ ആദ്യം അദൃശ്യകാര്യങ്ങളിൽ വിശ്വസിച്ചുകൊണ്ട് അനുസരണശീലരിൽ പ്രവേശിക്കണമെന്നും പിന്നീട് ഇർഫാന്റെ നില പ്രാപിച്ച് അതിന്റെ എല്ലാ ഫലങ്ങളും അവർക്കായി തുറക്കണമെന്നുമുള്ള നിയമം നിലനിറുത്തിയിട്ടുള്ളത്. (ആദ്യം അനുസരണം നിർബന്ധമാണ്. ***സമിഅ്നാ വ അത്വഅ്നാ*** പറയേണ്ടത് നിർബന്ധമാണ്. അതിനുശേഷം അവർക്ക് ഇർഫാനും കിട്ടും. അതിന്റെ തത്ത്വശാസ്ത്രവും മനസ്സിലാകും.) പക്ഷേ കഷ്ടമെന്നുപറയട്ടെ, ക്ഷിപ്രകാരിയായ മനുഷ്യൻ ഈ വഴികളെ സ്വീകരിക്കില്ല. അല്ലാഹു വിശുദ്ധഖുർആനിൽ ഇങ്ങനെ വാഗ്ദാനം ചെയ്യുന്നു, ആരാണോ വിശ്വാസപരമായ നിലയിൽ നബി(സ) തിരുമേനിയുടെ ക്ഷണം സ്വീകരിക്കുന്നത്, അവൻ കഠിനപരിശ്രമത്തിലൂടെ (മുജാഹദ) അതിന്റെ യാഥാർത്ഥ്യം അന്വേഷിച്ചുകണ്ടെത്താനാഗ്രഹിച്ചാൽ കശ്ഫിലൂടെയും ഇൽഹാമിലൂടെയും അവന് അത് ഇറക്കപ്പെടുന്നതാണ്. (ആദ്യം വിശ്വസിക്കേണ്ടത് നിർബന്ധമാണ്. പിന്നീട് കഠിനമായ പരിശ്രമം കൊണ്ട് അല്ലാഹുതആല അതറിയിച്ചുകൊടുക്കും. അവന്റെ ഈമാനെ ഇർഫാന്റെ നിലവരെ എത്തിക്കുന്നതുമാണ്)

ഈമാനിൽ പൂർണത പ്രാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ രീതി അവലംബമാക്കേണ്ടത് നിർബ്ബന്ധമാണ്.

പിന്നീട് ഈ ദുആകളിൽ മറ്റൊരു വ്യത്യാസം കൂടിയുണ്ട്. അതായത് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ പ്രാർത്ഥനാവാക്കുകളിലും അല്ലാഹു അത് സ്വീകരിച്ചുകൊണ്ട് വിളംബരം ചെയ്ത വാക്കുകളിലും. ഹദ്റത്ത് ഇബ്റാഹീം(അ) ദുആയുടെ അവസാനം പറഞ്ഞു, ***ഇന്നക്ക അൻതൽഅസീസുൽഹക്കീം.*** അല്ലാഹു അതിന് മറുപടി പറഞ്ഞപ്പോൾ, ***വ യുഅല്ലിമുക്കും മാലം തക്കൂനൂ തഅ്ലമൂൻ*** എന്നാണ് പറഞ്ഞത്. ഈ വ്യത്യാസത്തെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇങ്ങനെ എടുത്തു വിവരിച്ചിരിക്കുന്നു. ഹദ്റത്ത് ഇബ്റാഹിം(അ) അസീസ്, ഹക്കീം എന്നീ വിശേഷഗുണങ്ങൾ മധ്യവർത്തിയാക്കിക്കൊണ്ടാണ് ദുആ ചെയ്തത്. ഞാൻ എന്തൊന്ന് ചോദിക്കുന്നുവോ അത് എന്റെ ചിന്തയുടെ അടിസ്ഥാനത്തിലാണ് ചോദിക്കുന്നത്. പക്ഷേ, ഏതൊരു കാലഘട്ടത്തിൽ ഈ നബി നിയോഗിതനാകണമോ, അവിടെനിന്ന് തുടങ്ങി ഖിയാമത്തുവരെ ആ നബി ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും വേണം. തത്ത്വശാസ്ത്രം പഠിപ്പിക്കുകയും വേണം. അക്കാലഘട്ടത്തിലെ ആവശ്യങ്ങളെക്കുറിച്ച് നീയാണ് നല്ലവണ്ണം അറിയുന്നവൻ. അതുകൊണ്ട് ആ കാലത്ത്, അല്ലാഹുവേ, നീ നിന്റെ വിശേഷഗുണമായ അസീസും ഹക്കീമും കൊണ്ട് അക്കാലത്തെ ആവശ്യങ്ങൾ ആ നബിമുഖേന നീ പൂർത്തിയാക്കേണമേ. അല്ലാഹു ഈ ദുആ സ്വീകരിച്ചുകൊണ്ട്, ഈ ആയത്തിൽ പറഞ്ഞ റസൂലിന്റെ പ്രവർത്തികൾക്കുശേഷം അവസാനം ***വയുഅല്ലിമുക്കും മാലംതക്കൂനു തഅ്ലമൂൻ*** എന്നു പറഞ്ഞു. അതായത്, ഈ റസൂൽ നിങ്ങളെ പഠിപ്പിക്കുന്നത്, നിങ്ങൾക്ക് അറിയാത്ത കാര്യങ്ങളാണ്. അതിനാൽ, ഈ മഹാനായ നബിയിൽ, നിങ്ങൾക്കറിയാത്ത അധ്യാപനവും ഇറങ്ങിയിട്ടുണ്ട്. ഈ നബിയുടെ അധ്യാപനത്തിൽ, മുൻകാലങ്ങളിൽ അവതരിപ്പിച്ച അധ്യാപനങ്ങളെക്കാൾ കൂടുതൽ കാര്യങ്ങളും അടങ്ങിയിട്ടുണ്ട്. കാലത്തിനനുസരിച്ച് മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്ന ചില പ്രവചനങ്ങളും ഉണ്ട്. ഇവയിൽ ചിലത് കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്.

അല്ലാഹുതആല വിശുദ്ധഖുർആനിൽ ***മുഹ്ക്കമാത്തും മുത്തശാബിഹാത്തും*** ആയിട്ടുള്ള വചനങ്ങൾ പറഞ്ഞിരിക്കുന്നു. അവൻ പറയുന്നു.

***ഹുവല്ലദീ അൻസല അലയ്ക്കൽകിതാബ മിൻഹു***

***ആയാത്തുൻ മുഹ്കമാത്തുൻ ഹുന്ന ഉമ്മുൽ കിതാബി വ ഉഖറു മുത്തശാബിഹാത്തുൻ*** അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിത വചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശവചനങ്ങളുമാണ്.

ഖണ്ഡിതവചനങ്ങൾ നല്കിക്കൊണ്ട് അല്ലാഹു വിളംബരം ചെയ്തു: നിങ്ങളറിയാത്ത കാര്യങ്ങളും ഞാനിറക്കിയിരിക്കുന്നു. മുൻശരീഅത്ത് ഗ്രന്ഥങ്ങളിൽ വന്നുകഴിഞ്ഞിട്ടുള്ള കാര്യങ്ങളുമുണ്ട്. ചിലത് വ്യക്തമാണ്. ചിലത് ചിന്തിച്ചു മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. ഏതെങ്കിലും തരത്തിലുള്ള മാറ്റം അല്ലെങ്കിൽ മാറ്റത്തിരുത്തലുകളിൽനിന്ന് സുരക്ഷിതമാക്കപ്പെട്ടത് എന്നാണ് 'മുഹക്കം' എന്നതിന് നിഘണ്ടുക്കളിൽ പറഞ്ഞിട്ടുള്ള അർത്ഥം. ഇതാണ് ഇതിന്റെ നില. രണ്ടാമത്തേത് ഇതിൽ ഒരുതരത്തിലുള്ള സംശയത്തിനും ഇടയില്ല എന്നതാണ്. മൂന്നാമത്തേത്, അർത്ഥത്തിന്റെയും ശക്തിയുടെയും അടിസ്ഥാനത്തിൽ ഇത് വിധി നിർണ്ണായകമായിരിക്കണം. ഇതാണ് മുഹക്കമാത്തിന്റെ പ്രത്യേകത. മുത്തശാബിഹാത്ത് എന്നു പറയുന്നത്, അതിന് വിവിധ അർത്ഥങ്ങൾ കൊടുക്കാൻ കഴിയും. അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം മറ്റേതെങ്കിലുമായി സദൃശമുള്ളതായിരിക്കും. മനഃശുദ്ധീകരണം നടന്നിട്ടില്ലാത്തവർ ഇക്കാര്യം എങ്ങനെ മനസ്സിലാക്കാനാണ്. ഇതിന്റെ യഥാർത്ഥമായ അർത്ഥം മുഹക്കമായ കല്പനകൾക്ക് വിരുദ്ധമാകാനും പാടില്ല. മുത്തശാബിഹാത്തിന് ഇങ്ങനെയും അർത്ഥമുണ്ട്, ചിലപ്പോൾ ചില പദങ്ങൾ സംശയത്തിലേക്കെടുത്തെറിയും. എന്നാൽ, അതിന്റെ യഥാർത്ഥമായ അർത്ഥം, വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള മുഹക്കമാത്തിന്റെ വേരിന് വിരുദ്ധമാകാൻ പാടില്ല. അതിന്നെതിരാണെങ്കിൽ, അതിന്റെ കാരണം അന്വേഷിക്കേണ്ടതായി വരും. അതുകൊണ്ട് ആ മുത്തശാബിഹായിട്ടുള്ള കാര്യങ്ങൾ, മുഹക്കം കല്പനകളുമായി ചേർന്നു പോകുന്നവിധത്തിൽ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. ചിന്തയും, ആലോചനയും കൂടാതെ ശരിയായ നിലയിൽ മുത്തശാബിഹാത്തിന്റെ ഉൾസാരം മനസ്സിലാകുകയില്ല. അതിന് മനസ്സ് ശുദ്ധീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ സഹായം തേടേണ്ട ആവശ്യമുണ്ട്. അതിനാൽ, ആ അസീസായ അല്ലാഹു- അവന്റെ കരങ്ങളിലാണ് എല്ലാ വസ്തുക്കളും നിലകൊള്ളുന്നത്- അത്തരം ശുദ്ധീകരിച്ച ആത്മാക്കളുടെ വാതിലുകൾ തുറക്കുകയും അവർക്ക് ഹിക്മത്തിന്റെ മുത്തുകൾ സ്വരുക്കൂട്ടാനുള്ള തൗഫീഖ് നല്കുകയും ചെയ്യുന്നു. ഖിയാമത്തുന്നാൾവരേക്കും നിയോഗിതനായ ഈ മഹാനായ ദൈവദൂതന്റെ അധ്യാപനങ്ങൾ സംരക്ഷിക്കാനുള്ള ഏർപ്പാട് അല്ലാഹു ചെയ്തിരിക്കുന്നു. ഞാനിത് സംബന്ധമായി ഒരു ഖുത്ബയിൽ വിശദീകരിച്ചതാണ്. ഈ അധ്യാപനത്തെ മാറ്റിമറിക്കാനുള്ള ശ്രമം നടന്നിരുന്നു. പക്ഷേ, അതിൽ അവർക്ക് വജയിക്കാൻ കഴിഞ്ഞില്ല. വിജയിക്കാനൊട്ടുകഴിയുകയുമില്ല. ഈ ഏറ്റവും വലിയ ശുദ്ധീകരണ കർത്താവിനെ പിന്തുടർന്ന് ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു. ഉലമാക്കളും ഫുഖഹാക്കളും ജന്മംകൊണ്ടിരുന്നു. അവർ കല്പനകൾ വിശദീകരിക്കുകയും ഹിക്മത്ത് പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവർ ഇക്കാലഘട്ടത്തിലെ നാമധാരികളായ ഉലമാക്കളെപ്പോലെയല്ല. ഇക്കൂട്ടർ കഴമ്പില്ലാതെ സംസാരിക്കുന്നവരാണ്.

ഫയ്സലബാദിൽ 1974-ൽ നടന്നൊരു സംഭവം എനിക്കോർമ്മയുണ്ട്. ഒരു പള്ളിയിൽ, ഇഖ്‌ലാസ് എന്ന അധ്യായം ഓതിക്കൊണ്ട് ഒരു മൗലവി സാഹിബ് ഖുത്ബ ഓതുകയായിരുന്നു. ***ഖുൽ ഹുവല്ലാഹു അഹദ്*** എന്നതിനെ വിശുദ്ധഖുർആനിൽനിന്ന് അഹ്മദികൾ അസത്യവാന്മാരാണെന്ന് സ്ഥാപിതമാകുന്നുണ്ട് എന്ന് പറഞ്ഞ് അദ്ദേഹം വ്യാഖ്യാനിച്ചു. ഇതിൽനിന്ന് എന്തെങ്കിലും സ്ഥാപിതമാകുന്നുണ്ടെങ്കിൽ, അല്ലാഹുവിനെ പുത്രനാക്കിവയ്ക്കുന്നവർ തെറ്റിലും അസത്യത്തിലുമാണുള്ളതെന്നതാണ്. അല്ലെങ്കിൽ, ഖബ്റുകളേയും പീർമാരേയും ആരാധിക്കുന്ന ഇക്കൂട്ടർ അസത്യവാദികളാണെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നുണ്ട്. പക്ഷേ, നമ്മൾ ആ ശുദ്ധീകരണകർത്താവിന്റെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നവരാണ്, തൗഹീദ് പ്രചരിപ്പിക്കുന്നവരാണ്, അവരെക്കുറിച്ച് അല്ലാഹു ഇൽഹാമിലൂടെ സന്ദേശം നല്കി: ***ഖുദുത്തൗഹീദ് അത്തൗഹീദ് യാ അബ്നാവുൽ ഫാരിസ്*** ഫാരിസിന്റെ മക്കളേ! തൗഹീദിനെ മുറുകെപിടിക്കുക, തൗഹീദിനെ മുറുകെപിടിക്കുക.

അതിനാൽ, അസത്യവാദികളാണെങ്കിൽ അതിക്കൂട്ടരാണ്; നമ്മളല്ല. അല്ലാഹു ഈ അധ്യാപനത്തെ സംരക്ഷിക്കാനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നതിങ്ങനെയാണ്. അല്ലാഹുതആല ഈ മുസക്കിയോട്- ശുദ്ധീകരണകർത്താവിനോട് ചെയ്ത വാഗ്ദാനമനുസരിച്ച്, അവസാനകാലത്ത് വാഗ്ദത്ത മഹ്ദീ മസീഹിനെ അയച്ചു. അദ്ദേഹം ഖാതമുൽ ഖുലഫാഅ് എന്ന് പറയപ്പെട്ടു. വിശുദ്ധഖുർആനിൽ അതിനെക്കുറിച്ച് ഇങ്ങനെ വന്നിരിക്കുന്നു.

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ
يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ
الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ
لَفِي ضَلَالٍ مُبِينٍ ۝
وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ ۚ وَهُوَ
الْعَزِيزُ الْحَكِيمُ ۝

അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നു. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും അദ്ദേഹത്തെ എഴുന്നേല്പിച്ചു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു (62:3,4).

ഈ വചനങ്ങളിൽ ആദ്യത്തെ വചനത്തിൽ നിരക്ഷരരായ ജനതയിൽനിന്ന് മഹാനായ റസൂലിനെ എഴുന്നേല്പിക്കുമെന്നതിനെക്കുറിച്ചുള്ള വാർത്തയാണുള്ളത്. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇവിടെ വീണ്ടും ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയുടെ സ്വീകാര്യതയുടെ വിളംബരം ആവർത്തിച്ചിരിക്കുകയാണ്. അതിനുമുമ്പേ അവർ വ്യക്തമായ വഴികേടിലായിരുന്നുവെന്നുള്ള വ്യക്തമായ വിളംബരം അവസാനത്തിലും ചെയ്തിരിക്കുന്നു. ഈ വ്യക്തമായ വഴികേടിലായിരുന്നു എന്ന വാക്കുകൾ, ആലുഇംറാൻ എന്ന അധ്യായത്തിലും വിവരിക്കപ്പെട്ടിരുന്നു. ഈ പ്രത്യേകതകൾ വിവരിക്കുന്നതിനുമുമ്പേ- അതായത് നബി വന്നിട്ട് ചെയ്യേണ്ടതായ നാലുകാര്യങ്ങൾ പറഞ്ഞതിനുമുമ്പേ പറയുന്നു: ***ലഖദ് മന്നല്ലാഹു അലൽ മുഅ്മിനീന***, തീർച്ചയായും അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം ചെയ്തിരിക്കുന്നു; അവരിൽ ഒരു ദൈവദൂതനെ അയച്ചുകൊണ്ട്. കരയിലും കടലിലും കുഴപ്പങ്ങൾ നിറഞ്ഞിരുന്ന അക്കാലഘട്ടത്തിൽ, അല്ലാഹുവിന്റെ ഒരു ഔദാര്യം പ്രത്യക്ഷപ്പെട്ടു. അവരിൽ ഒരു ദൈവദൂതനെ അയച്ചുകൊണ്ടായിരുന്നു അത്. ആ മഹാത്മാവ് അവരെ ദൈവവചനം കേൾപ്പിച്ചു. പരിശുദ്ധരാക്കി. അധ്യാപനവും ഗ്രന്ഥവും തത്ത്വശാസ്ത്രവും നല്കി. ജാഹിൽ എന്നു പറയപ്പെട്ടിരുന്ന അതേ അറബികൾ ഒരു വിപ്ലവമുണ്ടാക്കി. ജുമുഅ അധ്യായത്തിൽ ആ നിരക്ഷരരായ ജനതയിൽ അവരോട് ഔദാര്യം കാണിച്ചുകൊണ്ട് ദൈവദൂതനെ അയച്ചുവെന്ന് അല്ലാഹു പറയുന്നു. അതവരുടെ പരിശുദ്ധിക്കും ദൈവസാമീപ്യം പ്രാപിക്കുന്നതിനും കാരണമായി. ആ മഹാനായ റസൂലിന്റെ കാലഘട്ടം അതോടെ അവസാനിച്ചുപോയോ? അതിനുശേഷം വരുന്ന അന്ധകാരത്തിന്റെ ആയിരം വർഷം തുടർന്നുകൊണ്ടേ പോകണമായിരുന്നുവോ? കുറച്ചു നൂറ്റാണ്ടുകൾക്കുശേഷം ആ അന്ധതയുടെ കാലം വീണ്ടും വന്നു. ആ ആയിരം വർഷങ്ങളിൽ പരിമിതമായ ചില ചെറിയ ചെറിയ സംഘങ്ങളിലല്ലാതെ എങ്ങും വെളിച്ചമുണ്ടായിരുന്നില്ല. അല്ലാഹു ഔദാര്യം ചെയ്യുന്നവനാണ്. അവൻ ആ ബഹുദൈവ വിശ്വാസികളായ ജനതയോട് ഔദാര്യം കാണിച്ചു! എന്നാൽ, അല്ലാഹുവേ, പരിഷ്കരണകർത്താവിനെ അയക്കേണമേയെന്ന് പറഞ്ഞ് ദുആ ചെയ്തുകൊണ്ടിരുന്ന ഉമ്മത്തിലെ ആളുകളോട് ഔദാര്യം ചെയ്തില്ല! ഇതൊരു മഹത്ത്വമൊന്നുമല്ല. ഖിയാമത്തുന്നാൾവരെ ഈ അധ്യാപനത്തെ നിലനിറുത്തുമെന്ന് പറഞ്ഞെങ്കിലും ആ വാഗ്ദാനം നിറവേറ്റപ്പെട്ടില്ല. അതുകൊണ്ട് അല്ലാഹു പറയുന്നു: അങ്ങനെയാരെങ്കിലും മനസ്സിലാക്കുന്നുവെങ്കിൽ, അല്ലാഹുവിനെ തെറ്റുധരിക്കലാണത്. കാരണം അല്ലാഹുവിനെ ആകാശഭൂമികളിലുള്ള എല്ലാ വസ്തുക്കളും സ്തോത്രം ചെയ്യുകയും അവന്റെ പരിശുദ്ധി വാഴ്ത്തുകയും ചെയ്യുന്നു. അവൻ പ്രതാപവാനാണ്, അജയ്യനാണ്. അപ്പോൾ പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹുവിൽനിന്ന് ഇതാണോ പ്രതീക്ഷിക്കുന്നത്! അവൻ ലോകരെ വഴിതെറ്റിപ്പോകാൻ വിടുമോ? ലോകത്തിന്റെ മോക്ഷത്തിനുള്ള ഈ അവസാനത്തെ അധ്യാപനത്തെ സംരക്ഷിക്കാതിരിക്കുന്നത് ഹിക്മത്താണോ? അല്ലാഹുവിനെക്കുറിച്ച് ഇങ്ങനെയുള്ള ചിന്ത, കുടുസ്സായ ചിന്തയാണ്. തെറ്റുധാരണയാണ്.

അതിനാൽ, മുഹമ്മദുനബി(സ)യുടെ അനുയായികളാണെന്ന് പറയുന്ന ജനവിഭാഗമേ, ഖിയാമത്തുന്നാൾവരെയുമുള്ള ജനങ്ങളുടെ മനഃശുദ്ധീകരണത്തിന് വഴിയായ അധ്യാപനത്തെ പിൻപറ്റുന്നു എന്നു പറയുന്നവരേ, ആ പ്രകാശത്തിന്റെ വെളിച്ചം കാണിക്കുന്നതിന് കഴിഞ്ഞനൂറ്റാണ്ടിൽ വന്നുകൊണ്ടിരുന്ന പരിമിതമായ അളവിലല്ല മറിച്ച് വിശാലമായ നിലയിൽ പരിശുദ്ധമാക്കുന്നതിനും, ദുർബലരായ ഹൃദയങ്ങളിലും ഭൗതിക ജീവിതത്തിൽ ആസക്തരായവരിലും ഭൗതികതത്ത്വശാസ്ത്രജ്ഞരിലും പരിശുദ്ധിയുടെയും തത്ത്വശാസ്ത്രത്തിന്റെയും വിത്ത് വിതയ്ക്കുന്നതിനുമായി അവസാനകാലത്തെ ജനങ്ങളിൽ ഈ നബി വീണ്ടും നിയോഗിക്കപ്പെടും. ആ മഹാത്മാവ് ആ മുമ്പേവന്ന ശരീരത്തോടെയല്ല വരുന്നത്, ആ മഹാത്മാവിന്റെ പ്രതിച്ഛായയായ നിലയിലായിരിക്കും വരുന്നത്. ഇത് പ്രതാപവാനും യുക്തിജ്ഞനുമായ അല്ലാഹുവിന്റെ തീരുമാനമാണ്. അല്ലാഹുവിന്റെ ശക്തിയെ പരിമിതമായിക്കാണരുത്. അവന്റെ തീരുമാനം യുക്തിരഹിതമാണെന്ന് മനസ്സിലാക്കരുത്. ഏതുപോലെ ആ മഹാനായ നബി ഒരു പരിശുദ്ധ ജമാഅത്ത് സ്ഥാപിച്ചുവോ, വഴിതെറ്റിപ്പോയവരെ അല്ലാഹുവുമായി കൂട്ടിച്ചേർത്തുവോ, ആ നബിയുടെ ദാസനും, ജനങ്ങൾ വഴിതെറ്റിക്കിടക്കുന്ന ഇക്കാലത്ത് അല്ലാഹുവുമായി അവരെ ബന്ധിപ്പിക്കാനുള്ള പ്രവൃത്തി ചെയ്യുന്നതാണ്. ഈ വചനമിറങ്ങിയപ്പോൾ ആ അവസാനംവരുന്ന ജനത ആരാണെന്ന് സ്വഹാബിമാർ ചോദിച്ചു, നബി(സ) തിരുമേനി ഹദ്റത്ത് സൽമാനുൽ ഫാരിസിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: ഈമാൻ കാർത്തിക നക്ഷത്രംവരെ കയറിപ്പോയാലും, ഇദ്ദേഹത്തിന്റെ സന്താനങ്ങളിൽ ഒരാൾ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്.

നബി(സ) തിരുമേനിയുടെ മറ്റൊരു ഹദീഥുണ്ട്. "ഒരു കാലംവരും. വിശുദ്ധഖുർആനിലെ ലിപികളല്ലാതെ മറ്റൊന്നും അന്ന് അവശേഷിക്കുകയില്ല. ഇസ്ലാമിന്റെ നാമമല്ലാതെ ഒന്നും അവശേഷിക്കുകയില്ല.'' അതുകൊണ്ട് ചിന്തിക്കുന്ന ഓരോ ബുദ്ധിയും, കാഴ്ചയുള്ള ഓരോ കണ്ണും ഇക്കാലത്ത് അതേ അവസ്ഥ തന്നെയാണുള്ളതെന്ന് കാണുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു ആ മഹാനായ ദൂതനെ അയച്ചുകൊണ്ട് സ്ഥാപിച്ച മതം അത് ഖിയാമത്തുന്നാൾവരെ നിലകൊള്ളേണ്ടതാണ്. അത് ആ പ്രൗഢിയോടും പ്രതാപത്തോടുംകൂടി നിലനില്ക്കാൻ നബി(സ)യുടെ സത്യസന്ധനായ പ്രേമിയെ ഇപ്പോൾ അയച്ചിരിക്കുന്നു. **അതിനാൽ, അഹ്മദി എന്നു പറയുന്ന നമുക്ക് ഇപ്പോൾ രണ്ട് ഉത്തരവാദിത്തങ്ങൾ ഉണ്ട്. ഒന്ന് സ്വയം പരിശുദ്ധരാകാനും ഈ പരിശുദ്ധമായ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കാനും കൂടുതൽ ശ്രദ്ധിക്കുക. രണ്ട്, ഈ സന്ദേശം എല്ലാവരിലും എത്തിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ആവേശം കാണിക്കുക.** നിന്റെ സന്ദേശം കിട്ടിയില്ല എന്ന് നാളെ ആരും അല്ലാഹുവിനോട് പറയാനിടവരരുത്. കാരണം അഹ്മദികളെയല്ലാതെ മറ്റാരെയും ഇസ്ലാമിനെ സംരക്ഷിക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. ഇസ്ലാമിനുവേണ്ടി പ്രവർത്തിക്കുന്നുവെന്ന് പറയുന്ന വലിയ വലിയ ആളുകളെ കാണും. തങ്ങളാണ് എല്ലാമെന്ന് കരുതുന്നവരുമുണ്ടാകും. ഓരോ കക്ഷിയും തങ്ങളാണ് ജനങ്ങളെ പരിഷ്കരിക്കുന്നവർ എന്ന് അവകാശപ്പെടുന്നു. പക്ഷേ ഈമാനില്ലാത്തവരാണ്. അതുകൊണ്ട്, സകല സ്ഥലത്തും ഉയരുന്നത്, മുസ്ലിംകളെ രക്ഷിക്കൂ എന്ന ശബ്ദമാണ്. ഈ കക്ഷിത്വംകൊണ്ടും അല്ലാഹു അയച്ചയാളെ നിഷേധിച്ചതുകൊണ്ടും മനസ്സിന്റെ പരിശുദ്ധി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അധ്യാപനവും ഹിക്മത്തും ഇല്ലാതാകുന്നു. ശത്രുക്കളുടെ കൈയിൽ അമർന്നുകൊണ്ടിരിക്കുന്നു. ഇടയ്ക്കിടെ ഖിലാഫത്തു വേണം എന്ന ശബ്ദം ഉയരുന്നു. പക്ഷേ, ഇതെല്ലാം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് ചിന്തിക്കുന്നില്ല. അല്ലാഹു ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇത് വിശദീകരിച്ചുകൊണ്ട് പറയുന്നു.

"ഈ വചനത്തിന്റെ ചുരുക്കം, ജനങ്ങളിൽ അറിവും ഹിക്മത്തും ഇല്ലാതായപ്പോൾ അല്ലാഹു റസൂലിനെ അയച്ചുവെന്നതാണ്. ആത്മാവിന്റെ ലക്ഷ്യപൂർത്തീകരണത്തിന് ആവശ്യമായ മതാധ്യാപനങ്ങൾ തികച്ചും കളഞ്ഞുപോയിരുന്ന കാലമായിരുന്നു അത്. ജനങ്ങൾ വഴികേടിലായിരുന്നു. അതായത് അല്ലാഹുവിൽനിന്നും അവന്റെ നേരായമാർഗ്ഗത്തിൽനിന്നും ഒരുപാട് ദൂരപ്പെട്ടുപോയിരുന്നു. അപ്പോൾ അക്കാലത്ത് അല്ലാഹു തന്റെ നിരക്ഷരനായ റസൂലിനെ അയച്ചു. ആ റസൂൽ അവരുടെ ആത്മാവിനെ ശുദ്ധീകരിച്ചു. ഗ്രന്ഥവും ഹിക്മത്തും അവരെ പഠിപ്പിച്ചു. അതായത്, അടയാളങ്ങളും ദൃഷ്ടാന്തങ്ങളുംകൊണ്ട് അവരുടെ ഈമാനെ സമ്പൂർണ്ണതയിലെത്തിച്ചു. അല്ലാഹുവിനെ തിരിച്ചറിയുന്ന വെളിച്ചംകൊണ്ട് അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചു. പിന്നീട് പറഞ്ഞു, മറ്റൊരു കൂട്ടരുമുണ്ട്. അവർ അവസാനകാലത്ത് രംഗത്തു വരുന്നതാണ്. അവരും അന്ധകാരത്തിലും വഴികേടിലുമായിരിക്കും. യഥാർത്ഥമായ അറിവിൽനിന്നും ഹിക്മത്തിൽ നിന്നും ദൃഢവിശ്വാസത്തിൽനിന്നും ദൂരപ്പെട്ടവരായിരിക്കും. അപ്പോൾ അല്ലാഹു അവരെയും സ്വഹാബത്തിന്റെ മാർഗ്ഗത്തിൽ കൊണ്ടുവരും. അതായത്, സ്വഹാബാക്കൾ കണ്ടത് അവർക്കും കാണിച്ചുകൊടുക്കും. അവരുടെ സത്യസന്ധതയും ദൃഢവിശ്വാസവും സ്വഹാബാക്കളുടെ സത്യസന്ധതയും ദൃഢവിശ്വാസവും പോലെയായിത്തീരും. സഹീഹായ ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) ഈ വചനം വിശദീകരിക്കുന്ന അവസരത്തിൽ സൽമാനുൽ ഫാരിസിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: ***ലവ് കാനൽ ഈമാനു മുഅല്ലക്കൻ ബിഥുറയ്യാ ലനാലഹൂ റജുലുൻ മിൻഫാരിസ്.*** അതായത്, സത്യവിശ്വാസം സുറയ്യാ, അതായത് ആകാശംവരെ ഉയർന്നെത്തിയാലും ഫാരിസ് വംശജനായ ഒരാൾ അതിനെ താഴ്ത്തിക്കൊണ്ടുവരുന്നതാണ്. ഇത് സൂചിപ്പിക്കുന്നത് അവസാനകാലത്ത് പാർസിവംശജനായ ഒരാൾ ജനിക്കുമെന്നും, ഖുർആൻ ആകാശത്തേക്കെടുക്കപ്പെടുന്ന കാലത്തായിരിക്കും അദ്ദേഹത്തിന്റെ വരവ് എന്നുമാണ്. ഇക്കാലഘട്ടം തന്നെയാണ് വാഗ്ദത്ത മസീഹിന്റെ കാലഘട്ടം. മസീഹ് മൗഊദ് എന്ന പേരുള്ള ഇയാൾ ഫാർസി വംശജനാണ്. കാരണം കുരിശിന്റെ ആക്രമണം തകർക്കുന്നതിനായിട്ടാണ് വാഗ്ദത്ത മസീഹ് വരേണ്ടത്. ആ ആക്രമണം ഉണ്ടാകുന്നത് ഈമാന്റെമേൽതന്നെയാണ്. ഈ എല്ലാ ലക്ഷണങ്ങളും കുരിശിന്റെ ആക്രമണത്തിന്റെ കാലം വിളിച്ചറിയിക്കാനാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഈ ആക്രമണം ജനങ്ങളുടെ വിശ്വാസത്തിൽ ദുസ്സ്വാധീനം ചെലുത്തുമെന്ന് എഴുതിയിരിക്കുന്നു. ഈ ആക്രമണത്തിനു തന്നെയാണ് മറ്റു വാക്കുകളിൽ ദജ്ജാലി ആക്രമണം എന്നും പറയുന്നത്. ആ ദജ്ജാലിന്റെ ആക്രമണസമയത്ത് നിരവധി ആളുകൾ ഏകനായ ദൈവത്തെ ഉപേക്ഷിച്ചുകളയുമെന്ന് ബൈബിളിൽ എഴുതിയിരിക്കുന്നു. നിരവധിയാളുകളുടെ വിശ്വാസപരമായ സ്നേഹം തണുത്തുപോകും. വാഗ്ദത്ത മസീഹിന്റെ വലിയ ജോലി, ഈമാനെ നവീകരിക്കലായിരിക്കും. കാരണം ഈമാന്റെ മേലാണ് ആക്രമണം. ***ഹദീഥ് ലവ്കാനൽ ഈമാനു***മായിട്ടുള്ള ബന്ധം ഫാർസി വംശജനുമായിട്ടാണ്. ആ ഫാർസിവംശജൻ ഈമാനെ വീണ്ടും നിലയുറപ്പിക്കുന്നതിനായി വരുമെന്നുള്ളത് സ്ഥാപിതമായ കാര്യമാണ്." വീണ്ടും ആ മഹാത്മാവ് പറയുന്നു: ചിന്തിച്ചുനോക്കുക, 1300 വർഷത്തി

നുള്ളിൽ **മിൻഹാജിന്നുബുവ്വത്തി**ന്റെ കാലഘട്ടം വേറെ യാരാണ് കണ്ടത്; ഇക്കാലഘട്ടത്തിൽ നമ്മുടെ ജമാഅത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുമ്പോൾ പലരീതിയിലും ഈ ജമാഅത്തിന് സ്വഹാബത്തു(റ)മായി സാദൃശ്യമുണ്ട്. സ്വഹാബാക്കൾ കരുതുന്നതുപോലെ ഇവർ ദിവ്യാത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും കാണുന്നു. സ്വഹാബാക്കൾ കണ്ടിരുന്നതുപോലെ ഇവർ അല്ലാഹുവിന്റെ അടയാളങ്ങളും നവംനവങ്ങളായ സഹായങ്ങളും കാണുന്നു. സ്വഹാബാക്കൾ സഹിച്ചതുപോലെ ഇവർ അല്ലാഹുവിന്റെ വഴിയിൽ, ജനങ്ങളുടെ പരിഹാസവും അവഹേളനവും കുത്തുവാക്കും അതുപോലെയുള്ള പലതരം മനസ്സിനെ വിഷമിപ്പിക്കുന്ന കാര്യങ്ങളും സഹിക്കുന്നു. സ്വഹാബാക്കാളെപ്പോലെ, അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങളും, ദൈവികസഹായവും യുക്തിനിർഭരമായ അധ്യാപനങ്ങളും കൊണ്ട് പരിശുദ്ധജീവിതം കരസ്ഥമാക്കിക്കൊണ്ടുപോകുന്നു.

സ്വഹാബത്ത്(റ) കരയാറുണ്ടായിരുന്നതുപോലെ ഇവരിൽ നിരവധിയാളുകൾ നമസ്കാരത്തിൽ കരയുകയും സുജൂദ് ചെയ്യുന്നിടം കണ്ണീരുകൊണ്ട് ആർദ്രമാക്കിത്തീർക്കുകയും ചെയ്യുന്നു. സ്വഹാബത്തി(റ)നെ പോലെ സത്യസ്വപ്നങ്ങൾ കാണുന്ന ഒരുപാടാളുകൾ ഇവരിലുമുണ്ട്. ദൈവികവെളിപാട് കൊണ്ട് ഉയർന്നവരുമുണ്ട്. സ്വഹാബത്തി(റ)നെപോലെ ഇവരിൽ നിരവധിയാളുകൾ തങ്ങൾ സമ്പാദിച്ച ധനം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം നമ്മുടെ ജമാഅത്തിനായി ചെലവഴിക്കുന്നു. സ്വഹാബാക്കളുടെ ജീവിതം പോലെ മരണത്തെ ഓർമ്മിക്കുന്നവരും ലോലഹൃദയരും സത്യമായ ഭക്തിയിൽ പദമൂന്നുന്നവരുമായുള്ള നിരവധിയാളുകളെ ഇവരിൽ നിങ്ങൾക്ക് കാണാം. ഇവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്. അല്ലാഹുതന്നെയാണ് ഇവരെ സംരക്ഷിക്കുന്നതും. ഓരോ ദിവസവും ഇവരുടെ ഹൃദയങ്ങൾ അവൻ പരിശുദ്ധമാക്കുന്നു. ഇവരുടെ നെഞ്ചകങ്ങളെ വിശ്വാസപരമായ ഹിക്മത്ത് കൊണ്ട് നിറയ്ക്കുന്നു. ദൈവികമായ അടയാളങ്ങളെക്കൊണ്ട് ഇവരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു; സ്വഹാബാക്കളെ വലിച്ചടുപ്പിച്ചതുപോലെത്തന്നെ.

ചുരുക്കത്തിൽ ഈ ജമാഅത്തിൽ ***ആഖരീന മിൻഹും*** എന്ന വാക്കിൽ അടങ്ങിയിട്ടുള്ള എല്ലാ കാര്യങ്ങളും അന്വർത്ഥമാകുന്നതായി കാണാം. അല്ലാഹു പറഞ്ഞിട്ടുള്ള കാര്യം ഒരുനാൾ പൂർത്തിയാകേണ്ടത് നിർബന്ധമായിരുന്നു.”

ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന ഈ വിപ്ലവം തുടർന്നുകൊണ്ടുപോകേണ്ടത് ജമാഅത്തിലെ ഓരോ അംഗത്തിന്റേയും നിർബന്ധകടമയാണ്. ഇല്ലെങ്കിൽ നമ്മളും മുമ്പേ, ഈമാനെ പാഴാക്കിക്കളഞ്ഞവരെപ്പോലെ പാപികളായിത്തീരും. ജനങ്ങൾ ഇൻശാഅല്ലാഹ് ജനിച്ചുകൊണ്ടേയിരിക്കും. അവർ ഈ സന്ദേശത്തെ, ഈ ഗ്രന്ഥത്തെ, ഈ അധ്യാപനത്തെ തങ്ങളിൽ നടപ്പിൽ വരുത്തുകയും ചെയ്യും. പക്ഷേ, ഈ അധ്യാപനത്തിൽനിന്ന് പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ നമ്മളിൽ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. ആത്മാവിന്റെ പരിശുദ്ധി ഇല്ലാതാക്കിക്കളയുന്നവരാരും നമ്മളിൽ ഉണ്ടാകാൻ പാടില്ല. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 1.2.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala